# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4260 :** **19.10.2011 ൽ മറുപടിയ്ക്ക്**

## *ന്യൂനപക്ഷ ഐ.ടി.ഐ. കൾ*

***ചോദ്യം.***

ശ്രീ. പി.റ്റി. എ. റഹിം :

(എ) കേന്ദ്ര സർക്കാർ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ അനുവദിച്ച ഐ.ടി.ഐ. കൾ തുടങ്ങുന്നതിൽ സംസ്ഥാനം അലംഭാവം കാണിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യൂനപക്ഷങ്ങൾക്ക് നൽകിയ ഈ ആനുകൂല്യം പ്രാവർത്തികമാക്കാൻ മുൻകൈ എടുക്കുമോ;

(സി) ന്യൂനപക്ഷ ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ മുൻ സർക്കാർ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

***ഉത്തരം***

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

***(എ & ബി)*** ഈ വിഷയത്തിൽ സംസ്ഥാനം അലംഭാവം കാട്ടിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചതനുസരിച്ച്, സംസ്ഥാനത്തെ 10 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ. കൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊപ്പോസലിന് പ്ലാനിംഗ് കമ്മീഷന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ന്യൂനപക്ഷ ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ മുൻ സർക്കാർ ചുവടെ ചേർത്തിരിക്കുന്ന 10 സ്ഥലങ്ങൾ തെരഞ്ഞെടുത്തിരുന്നു.

| ***സ്ഥലപ്പേര്*** | ***ജില്ല*** |
|---|---|
| 1. ഈരാറ്റുപേട്ട | കോട്ടയം |
| 2. മണ്ണാർക്കാട് | പാലക്കാട് |
| 3. കൊടുവള്ളി | കോഴിക്കോട് |
| 4. തലശ്ശേരി | കണ്ണൂർ |
| 5. ചെറിയമുണ്ടം | മലപ്പുറം |
| 6. പരപ്പനങ്ങാടി | മലപ്പുറം |
| 7. പെരിന്തൽമണ്ണ | മലപ്പുറം |
| 8. സുൽത്താൻ ബത്തേരി | വയനാട് |
| 9. കൊല്ലം | കൊല്ലം |
| 10. മൂവാറ്റുപുഴ | എറണാകുളം |

സെക്ഷൻ ഓഫീസർ